ശ്രദ്ധക്ഷണിക്കൽ

സംസ്ഥാന പാതയുടെ നിർമ്മാണം

ശ്രീ. കെ. ബാബു: സർ, നെന്മാറ നിയോജകമണ്ഡലത്തിൽ മുതലമട പഞ്ചായത്തിലെ ഒരു വാർഡ് ഉൾപ്പെടുന്ന പ്രദേശമാണ് പറമ്പിക്കുളം. അട്ടപ്പാടി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആദിവാസി സമൂഹം അധിവസിക്കുന്ന പ്രദേശമാണിത്. പറമ്പിക്കുളം - ആളിയാർ കരാറിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ടിട്ടുള്ള പത്ത് ഡാമുകളിൽ മൂന്നെണ്ണവും പറമ്പിക്കുളത്താണ്. ഭൂമി നമ്മുടേതും ഡാമും വെള്ളവും തമിഴ്നാടിന്റെ അധികാര പരിധിയിലുമാണ്. 09..11..1958-ന്റെ മുൻകാല പ്രാബല്യത്തോടുകൂടിയാണ് 29..05..1970-ൽ പറമ്പിക്കുളം - ആളിയാർ അന്തർസംസ്ഥാന നദീജല കരാർ നിലവിൽ വരുന്നത്. അതിൻപ്രകാരം 30 വർഷത്തിലൊരിക്കൽ ആ കരാർ പുതുക്കേണ്ടതാണ്. അങ്ങനെ പരിശോധിച്ചാൽ 58 വർഷമായിട്ടും നാളിതുവരെ ആ കരാർ പുതുക്കിയിട്ടില്ല. അതിന്റെ ഭാഗമായുണ്ടാകുന്ന ജല പ്രശ്നങ്ങൾ അപ്പപ്പോൾ ഇടപെടുന്ന രീതിയിലേയ്ക്കാണ് വരുന്നത്. എന്നാൽ ആ ജല പ്രശ്നത്തിനപ്പുറത്തുണ്ടാകുന്ന പ്രശ്നങ്ങളാണ് ഇപ്പോൾ തമിഴ്നാടും കേരളവും എന്ന

നിലയിലേയ്ക്കുള്ള പ്രശ്നമായി മാറാൻ പോകുന്നത്. അതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഈ ഗവൺമെന്റിന്റെ മുന്നിലേയ്ക്ക് കൊണ്ടുവരുന്നത്.

(അദ്ധ്യക്ഷ വേദിയിൽ മി. ചെയർമാൻ)

പത്ത് ആദിവാസി സമൂഹങ്ങൾ അധിവസിക്കുന്ന കോളനികളും പി.എ.പി. കോളനിയും ഉൾപ്പെടെ 11 കോളനികളിലായി 600-ഓളം കുടുംബങ്ങളും 1500-ലധികം വോട്ടർമാരും അവിടെ അധിവസിക്കുന്നുണ്ട്. ഒരു വൈൽഡ് ലൈഫ് ഡെപ്യൂട്ടി ഡയറക്ടറർ ഓഫീസ്, നാല് റെയ്ഞ്ച് ഓഫീസുകൾ, ഒരു പോലീസ് സ്റ്റേഷൻ, ജോയിന്റ് വാട്ടർ റെഗുലേഷൻ അതോറിറ്റിയുടെ ഓഫീസ്, ഒരു പി.എച്ച്.സി., രണ്ട് യു.പി.സ്കൂളുകൾ, ആറ് അംഗൻവാടികൾ, മൂന്ന് റേഷൻ ഷോപ്പുകൾ ഒരു ആയുർവ്വേദ ഡിസ്പെൻസറി, രണ്ട് എൽ.പി.സ്കൂളുകൾ, ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ തുടങ്ങിയവ അവിടെയുണ്ട്. ഇതിനുപുറമേ കരാർ പുതുക്കാത്തതിന്റെ ഭാഗമായി പി.എ.പി. കോളനി ഉൾപ്പെടുന്ന പ്രദേശത്ത് റേഷൻകാർഡും വോട്ടവകാശമുള്ളവരുമായ കേരളീയരായ 52 കുടുംബങ്ങളുമുണ്ട്. അതുപോലെതന്നെ അവിടെ 50-ഓളം കെട്ടിടങ്ങൾ ഇപ്പോഴും തമിഴ്നാടിന്റെ പരിധിയിൽ തന്നെയാണ്

നിലനില്ക്കുന്നത്. കൂടാതെ രാജ്യത്തുതന്നെ പ്രധാനപ്പെട്ട വനമേഖലയും കടുവാസങ്കേതവും പറമ്പിക്കുളത്താണ്. ഏഷ്യയിലെ ഏറ്റവും വലിയ കന്നിമാരി തേക്കും ഇവിടെയാണുള്ളത്. കേരളത്തിന്റെ വനസമ്പത്തിന്റെയും ജലസമ്പത്തിന്റെയും പ്രധാന കേന്ദ്രവും പറമ്പിക്കുളമാണ്. ഇപ്പോൾ അത് കടുവാസങ്കേതമായി പ്രഖ്യാപിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് 800 മുതൽ 1000 ചതുരശ്ര കിലോമീറ്റർ വരെ വനമേഖല ഉണ്ടാകണമെന്നാണ് കടുവാസങ്കേതത്തിന്റെ ഭാഗമായി പറയുന്നത്. അങ്ങനെ നോക്കിയാൽ അതിന് ആവശ്യമായ സ്ഥലം അവിടെയില്ല. അതിനർത്ഥം ചാലക്കുടി ഉൾപ്പെടെയുള്ള തൊട്ടടുത്ത മണ്ഡലം കൂടി ഇതിലേക്ക് കൊണ്ടുവരാനുള്ള ശ്രമവും അതിന്റെ ഭാഗമായി നടക്കുകയാണ്. ആ വനമേഖലയിലുള്ള ആദിവാസികൾക്ക് ദൈനംദിന ആവശ്യങ്ങൾക്ക് വരണമെങ്കിൽ ഏറ്റവും കുറഞ്ഞത് 60 കിലോമീറ്റർ തമിഴ്നാടിന്റെ അതിർത്തിയിലൂടെ തന്നെ കടന്നുവരണം. കഴിഞ്ഞ സെപ്റ്റംബർ 10-നാണ് അവിടത്തെ പി.എ.പി.യുമായി ബന്ധപ്പെട്ട് തമിഴ്നാട് ഇറിഗേഷനിലെ ഉദ്യോഗസ്ഥരും നമ്മുടെ വനമേഖലയിലെ

ഉദ്യോഗസ്ഥരും തമ്മിൽ ഒരു ചെറിയ പ്രശ്നം ഉടലെടുത്തത്. ഈ പ്രശ്നത്തെ തുടർന്ന് 12-ാം തീയതി അവിടത്തെ ആദിവാസി സമൂഹം വഴിതടയൽ സമരം ആരംഭിച്ചു. ആ സമരത്തെ തുടർന്ന് ഒരാഴ്ചക്കാലം പറമ്പിക്കുളത്തേക്ക് ഒരു വാഹനത്തെ കടത്തിവിട്ടില്ലായെന്നുമാത്രമല്ല, അതിർത്തികടന്നുപോകുന്ന കേരള രജിസ്ട്രേഷനുള്ള വാഹനങ്ങൾ തടഞ്ഞുനിർത്തുന്ന വിധത്തിലേക്ക് നൂറു കണക്കിനുവരുന്ന തമിഴ്നാട്ടിലെ ജനത പ്രതിഷേധം ഉയർത്തിയപ്പോൾ പറമ്പിക്കുളം മേഖല ഒരു തുരുത്തുപോലെ ഒറ്റപ്പെട്ടുപോകുന്ന സ്ഥിതിയാണ് അവിടെയുണ്ടായത്. ആകെയുള്ള രണ്ട് ബസ് സർവ്വീസുകൾ പോലും നടത്താൻ കഴിഞ്ഞില്ല. ഇത് ഇന്നോ ഇന്നലെയോ ഉണ്ടാകുന്നതല്ല; നിരന്തരമായി ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. പറമ്പിക്കുളത്ത് ഏതെങ്കിലും തരത്തിൽ ഒരു പ്രശ്നമുണ്ടായാൽ, പറമ്പിക്കുളത്തേക്ക് എത്തിപ്പെടേണ്ട പൊള്ളാച്ചിവഴിയുള്ള വാഹനങ്ങളെല്ലാം തടയപ്പെടുകയാണ്. അതുകൊണ്ടാണ് മുല്ലപ്പെരിയാർ പ്രശ്നമുണ്ടായപ്പോൾ ഒരു മാസത്തോളമാണ് അതുവഴിയുള്ള വാഹനങ്ങൾ തടഞ്ഞുനിർത്തിയത്. നിരന്തരം ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ... കേരള

അതിർത്തിയിൽ കൂടിത്തന്നെ പോകാനുള്ള ഒരു വഴി നിലവിലുണ്ട്. 1905-ൽ പറമ്പിക്കുളം-ചാലക്കുടിയിലേക്ക് 45 കിലോമീറ്റർ ട്രാംവേയുണ്ടായിരുന്നു. അതുപോലെ പറമ്പിക്കുളം- പാകപ്പള്ളം - തുത്തംപാറ - ബിയാട്രിസ് - പാടഗിരി - നെല്ലിയാമ്പതി വഴി 16 കിലോമീറ്റർ വന്നാൽ ഇപ്പോഴും അവിടെ ഒരു ജീപ്പ് റോഡുണ്ട്. അതുപോലെതന്നെ പറമ്പിക്കുളം - പെരിവാരിപ്പള്ളം - തേക്കടി - പെരിയചോല – ആനമട – പുലയംപാറ - നെല്ലിയാംമ്പതി വഴി വരുന്ന ഒരു ജീപ്പ് റോഡ് ഇപ്പോഴും നിലനിൽക്കുന്നു. എന്നാൽ മുതലമടയിലെ ചെമ്മണാംപതി വഴി മുടിവായി - വെള്ളക്കൽക്കെട്ട്-തേക്കടി വരെ ഒരു ബഫറിലും കോർ ഏരിയായിലും പെടാത്ത പ്രദേശമുണ്ട്. അതിലേ കടന്നുപോകാൻ തരത്തിൽ ഒരു ജീപ്പ് റോഡുണ്ടാക്കിയാൽ തീർച്ചയായും നമ്മുടെ അതിർത്തിപ്രദേശമായ പറമ്പിക്കുളത്തേക്ക് പോകാൻ സാധിക്കും. കേരള അതിർത്തിയിൽ കൂടെ സഞ്ചരിക്കാവുന്ന ഗതാഗതയോഗ്യമായ ഒരു ജീപ്പ് റോഡെങ്കിലും ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് അവിടത്തെ ജനങ്ങൾ. നമ്മുടെ ആദിവാസി സമൂഹം ഉണ്ടാക്കുന്ന കാർഷിക-വന ഉല്പന്നങ്ങൾ

കൊണ്ടുവരുമ്പോൾ തമിഴ്നാടിന്റെ ഫോറസ്റ്റ് ചെക്ക് പോസ്റ്റിൽ തടഞ്ഞുനിർത്തി പണം പിരിക്കുന്നു. പറമ്പിക്കുളത്തേക്ക് വരുന്ന ഓരോ യാത്രക്കാരിൽ നിന്നും തലയെണ്ണി 15 രൂപായും വാഹനത്തിന് പ്രത്യേകമായും കാശ് പിരിക്കുന്ന അവസ്ഥയാണുള്ളത്. അസുഖം ബാധിച്ച ആദിവാസികളെ കൊണ്ടുവരുമ്പോൾ അവരുടെ ഔദാര്യം കാത്ത് കിടന്നതിന്റെ ഭാഗമായി നിരവധിപേർ മരണപ്പെടേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. നമ്മുടെ വനാതിർത്തിയിലൂടെ ഇപ്പോൾ ഫോറസ്റ്റ് വക വാഹനങ്ങൾ ഓടുന്നുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൈയ്യിൽ 9-ഓളം വാഹനങ്ങളുമുണ്ട്. ബന്ദിപ്പൂർ പോലുള്ള നാഷണൽ പാർക്ക് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കടുവാ സങ്കേതമാണെങ്കിൽപ്പോലും നിയമാനുസൃതമായി അവിടെ ഇപ്പോൾ വാഹനഗതാഗതം നടക്കുന്നുണ്ട്. ആ നിലയിൽ വനംവകുപ്പിന്റ കീഴിലുള്ള വാഹനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആ വനമേഖലയിൽ അധിവസിക്കുന്ന ആദിവാസികൾക്ക് കടന്നുവരാൻ കഴിയാവുന്ന തരത്തിലേക്കുള്ള റോഡു ഗതാഗതം ഉണ്ടാക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് ഈ

ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവരാനുള്ളത്. അതല്ലെങ്കിൽ മുല്ലപ്പെരിയാർ പ്രശ്നവും കാവേരി പ്രശ്നവുമുണ്ടായപ്പോൾ തമിഴ്നാട്ടിലെ ജനത വൈകാരികമായി കണ്ടതുപോലുള്ള അനുഭവം ഈ പ്രദേശത്തും ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുകൂടി ഞാൻ ഈ സർക്കാരിന്റെ മുന്നിൽ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവരുകയാണ്.

സംസ്ഥാന പാതയുടെ നിർമ്മാണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പറമ്പിക്കുളം-ആളിയാർ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. എന്നാൽ ഇതുവരെ അത് യാഥാർത്ഥ്യമായിട്ടില്ല. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പറമ്പിക്കുളം സിസ്റ്റം ഡാമുകളിലേക്ക് എത്തിച്ചേരുവാൻ ഇപ്പോഴുള്ള വഴി തമിഴ്നാട്ടിലൂടെയാണ്. പാലക്കാട് നിന്ന് മീനാക്ഷിപുരം-ആനമല-സെത്തുമട ടോപ്പ് സ്ലിപ്പ് വഴിയാണ് പറമ്പിക്കുളത്തേക്ക് പോകുന്നത്. കേരളത്തിനകത്തുകൂടി മാത്രം സഞ്ചരിച്ച്

പറമ്പിക്കുളത്ത് എത്താനുള്ള വഴി തൂത്തംപാറ എസ്റ്റേറ്റുവഴിയാണ്. നിലവിൽ ഇതിലേക്കുള്ള വഴി അപകടകരമായ ഒരു ഫോറസ്റ്റ് റോഡാണ്. നെല്ലിയാമ്പതിയിലെ 100 അടി പാലം മുതലാണ് ഈ റോഡ് ആരംഭിക്കുന്നത്. കാടിനകത്തുകൂടി 28 കിലോമീറ്റർ ഈ റോഡിലൂടെ സഞ്ചരിച്ചാൽ പറമ്പിക്കുളത്തിനടുത്തുള്ള കുരിയാർകുറ്റിയിൽ എത്തിച്ചേരാം. പ്രസ്തുത സ്ഥലം പറമ്പിക്കുളം കടുവാസങ്കേതത്തിന്റെ ക്രിട്ടിക്കൽ ടൈഗർ ഹാബിറ്റാറ്റ് ഏരിയയാണ്. ഈ റോഡിന്റെ പാരിസ്ഥിതിക ആഘാതപഠനം നടത്തിയ പീച്ചി കെ.എഫ്.ആർ.ഐ. സമർപ്പിച്ച റിപ്പോർട്ടുകളിൽ ടി റോഡുനിർമ്മിക്കുന്നതിനെ ശക്തമായ എതിർക്കുകയാണ് ചെയ്തിരിക്കുന്നത്. കേരള സംസ്ഥാനത്തിനകത്തുകൂടി പറമ്പിക്കുളത്തേക്ക് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 2015 മേയ് 6-ന് വനംവകുപ്പിലെയും ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിലെയും കേരള പോലീസ് സ്പെഷ്യൽ ബ്രാഞ്ചിലെയും ഉദ്യോഗസ്ഥർ സംയുക്തമായി വനപ്രദേശത്തിനകത്തുകൂടിയുള്ള റോഡ് വിശദമായി പരിശോധിക്കുകയുണ്ടായി. ഈ പരിശോധനയിൽ നിന്ന്

മനസ്സിലാകുന്നത്, കേരളത്തിനകത്തുകൂടി മാത്രം സഞ്ചരിച്ച് പറമ്പിക്കുളത്തേക്ക് എത്താനുള്ള പോംവഴി നിലവിലെ ഫോറസ്റ്റ് റോഡ് നന്നാക്കിയെടുക്കുക എന്നതാണ്. ഇപ്രകാരം റോഡ് നിർമ്മിക്കുന്നപക്ഷം വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുന്നുവെന്നതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള അനുവാദവും ആവശ്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 24.07.2012-ലെ ഉത്തരവുപ്രകാരം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആനമല-സെത്തുമട-ടോപ്പ് സ്ലിപ്പ് റോഡ് 25.07.2012-മുതൽ വിനോദസഞ്ചാരികൾക്കും സ്വകാര്യ വാഹനങ്ങൾക്കും വിലക്ക് ഏർപ്പെടുത്തിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 24.11.2012-ലെ ഉത്തരവുപ്രകാരം മേപ്പടി വിലക്ക് നീക്കി സന്ദർശകർക്കും വാഹനങ്ങൾക്കും തദ്ദേശവാസികൾക്കും കടന്നുപോകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിൽ ടി വഴിയിലൂടെ പറമ്പിക്കുളത്തേക്ക് ഗതാഗതടസ്സങ്ങൾ ഒന്നുമില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇവിടെ ബഹുമാന്യനായ അംഗം

ചൂണ്ടിക്കാണിച്ചതുപോലെ, ചില പ്രശ്നങ്ങൾ അവിടെയുണ്ടായി എന്നത് വസ്തുത തന്നെയാണ്. ഒരാഴ്ചക്കാലം ആളുകൾക്ക് സഞ്ചാരത്തിന് പ്രയാസം അനുഭവപ്പെട്ടുവെന്ന് അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ ആവശ്യം അത് വളർത്തിയെടുക്കാനല്ല; ഇല്ലാതിരിക്കാനാണ് നോക്കേണ്ടത്. വികാരപരമായി ഇതിനെ സമീപിച്ച് പരിഹാരം കാണാൻ നമുക്ക് കഴിയില്ല. എല്ലാതരത്തിലുമുള്ള ശ്രമം സർക്കാർ നടത്തുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യും.

ശ്രീ. കെ. ബാബു: സർ, സെപ്റ്റംബർ 10-നുണ്ടായ പ്രശ്നത്തിൽ ഞാൻ ഇടപെട്ടതാണ്. അവിടെ പോയിട്ട് തമിഴ്നാട് പോലീസിന്റെ വാഹനത്തിലാണ് അതിർത്തി കടത്തിവിടുന്നത്. ഇത് വൈകാരികമായി നമ്മുടെ സംസ്ഥാനത്തിലുള്ള ജനത ഏറ്റെടുക്കാറില്ല; എന്നാൽ തമിഴ്നാട് അതല്ല. അങ്ങനെ തമിഴ്നാടിന്റെ പോലീസ് വാഹനത്തിൽ വന്നുകൊണ്ടിരിക്കുന്ന സമയത്ത് നൂറുകണക്കിനാളുകളാണ് വടിയും മറ്റ് ആയുധങ്ങളുമായി റോഡരികിൽ കാത്തുനിന്നത്. ഇത് നിരന്തരമുണ്ടാകുന്ന സംഭവമാണ്. ഇവിടെ പറഞ്ഞതുപോലെ, മുതലമട പഞ്ചായത്തിന്റെ

അതിർത്തിയിൽനിന്ന് തേക്കടിയിൽ എത്താവുന്ന തരത്തിലേക്ക് പ്രകൃതിക്കോ വനത്തിനോ വന്യമൃഗങ്ങൾക്കോ ബഫർ ഏരിയ പോലുമല്ലാത്ത സ്ഥലത്തുകൂടി ട്രക്ക് പാത്ത് ഉണ്ടാക്കുകയാണെങ്കിൽ ഇതിനൊരു പരിഹാരം കണ്ടെത്താൻ സാധിക്കും. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ മന്ത്രിയും ഉന്നതതലയോഗം വിളിക്കാൻ ആവശ്യമായ നടപടികളെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ സഞ്ചാരം തടസ്സമില്ലാതെ നടത്തുന്നതിനാവശ്യമായ നടപടികളെല്ലാം സ്വീകരിക്കും.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
(ശ്രീ. ചിറ്റയം ഗോപകുമാർ)]

മടങ്ങി വരുന്ന പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നത്. ഗൾഫ് രാജ്യങ്ങളിലൊക്കെ നടന്നുവരുന്ന സ്വദേശീവൽക്കരണം വളരെ ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുകയാണെന്ന്

നമുക്കെല്ലാവർക്കുമറിയാം. മലയാളികളുടെയും തമിഴരുടെയും അതിജീവന യാത്രയുടെ ആദ്യഘട്ടം ആരംഭിച്ചത് മലേഷ്യ, സിംഗപ്പൂർ, ബർമ്മ, റംഗൂൺ, കൊളംബോ തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ്. യഥാർത്ഥത്തിൽ ഇന്ന് കാണുന്ന സിംഗപ്പൂരും കോലാലമ്പൂരും മലേഷ്യയും കൊളംബോയും ബർമ്മയുമൊക്കെ നിർമ്മിച്ചുകൊടുത്തത് മലയാളികളും കേരളത്തിന്റെ ഭാഗമായ തമിഴരും കൂടിയാണ്. ഇതൊക്കെ ചരിത്രമാണ്. അതുകഴിഞ്ഞ് 1970-കളുടെ ആരംഭത്തിലാണ് ഗൾഫിലേയ്ക്കുള്ള യാത്ര തുടങ്ങുന്നത്. അതിനുശേഷം നമ്മൾ തിരിഞ്ഞുനോക്കിയിട്ടില്ല. പ്രത്യേകിച്ച് മലയാളികളുടെ ഒരു വിജയത്തിന്റെ കഥയാണത്. ബാങ്കുകളിൽ വന്ന റെമിറ്റൻസിന്റെ കണക്കെടുത്ത് നോക്കുകയാണെങ്കിൽ അത് നമ്മളെത്തന്നെ അത്ഭുതപ്പെടുത്തും. 2014-ലും 2015-ലും ഒരു ലക്ഷം കോടിയും അതിനുമുകളിലും റെമിറ്റൻസ് വരും. അതുമാത്രമല്ല ഗൾഫ് രാജ്യങ്ങളെ ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിനാളുകളുടേയും അവരുടെ കുടുംബങ്ങളുടേയും കണക്ക് പരിശോധിച്ചാൽ നമ്മുടെ എക്കണോമിയിൽ ഇതിനുള്ള സ്ഥാനം എത്ര ശതമാനമാണെന്ന് മനസ്സിലാകും. സ്വദേശിവൽക്കരണം/നിതാഖത്ത്/ഗൾഫ്നാഷണലൈസേഷൻ എന്ന പ്രതിഭാസം അവർ ആരംഭിച്ചുകഴിഞ്ഞു. നമ്മൾ വിചാരിക്കുന്നതിനേക്കാൾ വേഗത്തിലും

ബൃഹത്തുമാണ്, അവർക്ക് അതിന്റേതായ കാരണങ്ങളുണ്ട്. ഓയിൽ പ്രൈസ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് എന്നേയ്ക്കുമുള്ള ഒരു സാധനമല്ലെന്ന് അവർ മനസ്സിലാക്കി. അമേരിക്കയിലും മറ്റും ഇതിനുള്ള മറ്റ് സോഴ്സുകളും വേറെ തരം പെട്രോളും വരുകയാണ്. അത് അമേരിക്കയുടേയും മറ്റ് രാജ്യങ്ങളുടെയും കയ്യിൽ ധാരാളം റിസർവ്വുണ്ട്. ഗൾഫിലെ ഓയിൽ പ്രൈസ് കൂടുകയില്ലെന്ന് കണ്ടെത്തിയ സാമ്പത്തിക വിദഗ്ദ്ധന്മാരുടെ അഭിപ്രായത്തിനനുസരിച്ച്, അവിടെയുള്ള ആളുകൾക്ക് അവിടെ തന്നെ തൊഴിൽ നൽകി, അവിടെയുള്ള അവസരങ്ങൾ അവിടെയുള്ളവർക്കുതന്നെ നൽകി, അവർ നാഷണലൈസേഷന് തയ്യാറാകുകയാണ്. നമ്മൾ ഉദ്ദേശിക്കുന്നതിനേക്കാൾ വേഗത്തിൽ അവർ മുന്നോട്ടു പോകുന്നു. എന്നാൽ ഇന്ത്യാ ഗവൺമെന്റും കേരളാ ഗവൺമെന്റും ഇത് അംഗീകരിക്കില്ല. ഫ്ലൈറ്റ് ചാർജ്ജ് കൂടിക്കൊണ്ടിരിക്കുകയാണ്. എല്ലാ ചെലവും കൂടുന്നു, അവിടെയുള്ള വരുമാനം കുറയുന്നു, അവസരം കുറയുന്നു. ശമ്പളം കട്ട് ചെയ്യുന്നു, നേരത്തെ സർവ്വീസ് നിയന്ത്രണങ്ങൾ കൊണ്ടുവരുന്ന പതിവ് സൗദിയിൽ ഉണ്ടായിരുന്നില്ല. എന്നാൽ അവർ എല്ലാത്തിനും നിയന്ത്രണം കൊണ്ടുവരുന്നു. മാത്രമല്ല യൂസർ ഫീ വരെ കൊണ്ടുവരുകയാണ്. ഒരിക്കലും മുതലാകാത്ത സ്ഥിതിയുണ്ടാവുകയാണ്. അവിടെയുള്ളവർക്ക് തന്നെ ജോലി കൊടുക്കുന്ന

പ്രതിഭാസം എല്ലായിടത്തുമുണ്ട്. നേരത്തെ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ 5 വർഷത്തിനുള്ളിൽ കുവൈറ്റിൽ നിന്നും 20 ലക്ഷം ആളുകൾ തിരിച്ചുവരാനാണ് സാദ്ധ്യത. കേരളത്തിലെ വരൾച്ച എന്നതുപോലെതന്നെ ഗൗരവമായ വിഷയമാണിത്. മലയാളി എന്നുപറഞ്ഞാൽ അതിജീവനമാർഗ്ഗം എങ്ങനെയെങ്കിലും കണ്ടുപിടിക്കുമെന്നാണ്. ആഫ്രിക്കയിൽ അവസരമുണ്ടെന്ന് പറയുമ്പോൾ അത് probe ചെയ്യണം. ഒളിമ്പിക്സ് ഗാനത്തിൽ പറഞ്ഞതുപോലെ, now it is time for Africa. ആഫ്രിക്കയിൽ അവസരമുണ്ടെന്ന് പറയുന്നു, എവിടെയെങ്കിലും അവസരമുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന പല നടപടികളും ചൈന പോലെയുള്ള രാജ്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ മലയാളികൾക്കുവേണ്ടി കേരളം ഇനിഷ്യേറ്റീവ് എടുക്കണം. വിദേശ അവസരങ്ങൾ കണ്ടുപിടിച്ച് അഡ്വൈസ് ചെയ്യാൻ കേരള ഗവൺമെന്റ് ഒരു വിൻഡോ തുറന്നിട്ടുണ്ട്. പക്ഷേ ആ വിൻഡോയിലൂടെ വലിയ യാത്രയൊന്നുമുണ്ടായിട്ടില്ല. നമ്മുടെ പതിവ് പ്രയാസങ്ങളൊക്കെ അതിനുമുണ്ടായി. ആഫ്രിക്കയിലും ആസ്ട്രേലിയയിലും ധാരാളം അവസരങ്ങളുണ്ട്. നമ്മൾ അത് കണ്ടുപിടിക്കണം. ഒരു കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, ഇത് നമ്മുടെയെല്ലാവരുടേയും ശ്രദ്ധയിൽ വരേണ്ട ഒരു കാര്യമാണ്. ഗൾഫിൽ ജോലി

ചെയ്യുന്ന ആളുകൾക്ക് അവിടെനിന്നും കിട്ടുന്ന വരുമാനമെത്രയാണ്; ഇവിടെ അന്യസംസ്ഥാനത്തൊഴിലാളികൾ വേണം. അവർ ഇതിലേറെ പ്രയാസം അനുഭവിക്കുന്ന സ്റ്റേറ്റുകളിൽ നിന്നാണ് ഇങ്ങോട്ടുവരുന്നത്. വളരെ മോശം സാഹചര്യത്തിലാണ് ഇവിടെ ജീവിക്കുന്നത്. അവർക്ക് അവസരം കൊടുക്കുന്നതിന് നിയന്ത്രണം വയ്ക്കണമെന്ന് ഒരിക്കലും ഞാൻ പറയുകയില്ല. പക്ഷേ ഇവിടത്തെ ഒരു പ്രതിഭാസം, ഇവിടെ നിന്നും വിദേശങ്ങളിലേയ്ക്ക് ജോലിക്ക് പോകുന്ന ആളുകൾ, അന്യസംസ്ഥാന തൊഴിലാളികൾക്ക് ഇവിടെ നിന്നും ലഭിക്കുന്നതിന്റെ പകുതി വരുമാനത്തിന് എല്ലാ ജോലികളും അവിടെ ചെയ്യും, ഇത് പരിശോധിക്കേണ്ട കാര്യമാണ്. അന്യസംസ്ഥാന തൊഴിലാളികളും വേണം. അതേ അവസരത്തിൽ തൊഴിലിന് മാന്യതയുണ്ടെങ്കിൽ ഇവിടെയും ഈ ജോലികൾ എല്ലാവരും ചെയ്താൽ.... ഇവിടെ വൈറ്റ് കോളർവൽക്കരണം വേണോ? യുറോപ്പിലും മറ്റ് വികസിത രാജ്യങ്ങളിലുമുള്ളതുപോലെ എല്ലാ തൊഴിലും എല്ലാവർക്കും ചെയ്യാം എന്ന രീതിയിലുള്ള സാമൂഹിക ബോധവൽക്കരണം വേണം. വിദേശത്ത് പഠിക്കുന്ന നമ്മുടെ കുട്ടികൾ സൈഡ് ജോലിയായി ഹോട്ടലിൽ പണിയെടുക്കുന്നു, മറ്റെല്ലാ ജോലിയും ചെയ്യുന്നു. നമ്മുടെ നാട്ടിൽ ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വന്ന ഒരു പ്രതിഭാസമാണിത്. ഇവിടെ കിട്ടുന്നതിന്റെ പകുതി ശമ്പളത്തിന് എല്ലാ

ജോലിയും എല്ലാവരും വിദേശത്തുപോയാൽ ചെയ്യും എന്നാൽ എല്ലാ ജോലിയും എല്ലാവരും നാട്ടിൽ ചെയ്യുകയില്ല. കണക്കുകൂട്ടി നോക്കിയാൽ ദുബായിലും മറ്റും ജോലി ചെയ്യുന്ന ഒരു സാധാരണ തൊഴിലാളിക്ക് ഒരു മാസം 15,000 രൂപയേ വരുമാനമുള്ളൂ എന്നാൽ ഇവിടെ 30000 രൂപവരെ ലഭിക്കും, വീട്ടിൽ നിൽക്കുകയും ചെയ്യാം. എന്നാലും അവർ ഇവിടെ ആ ജോലികൾ ചെയ്യില്ല. ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയമായി മാറിയിട്ടുണ്ട്. 1970-കളിൽ ആരംഭിച്ച ഗൾഫ് ബൂം അവസാനിക്കുകയാണെന്നുള്ള വിഷയം, ഞാൻ ഭയപ്പെടുത്തുകയല്ല, ഒറ്റദിവസം കൊണ്ട് അവസാനിക്കില്ല, പക്ഷേ ഏതാനും സമയം കൊണ്ട് അവസാനിക്കുമ്പോൾ വളരെ പ്രയാസങ്ങളുണ്ടാകുമെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് വളരെ ഗൗരവമായി കണ്ട് ഗവൺമെന്റ് അതിനുവേണ്ടിയുള്ള നടപടികളും പ്ലാനുകളുമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മടങ്ങി വരുന്ന പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗൾഫ് രാജ്യങ്ങളിൽ നടപ്പാക്കുന്ന സ്വദേശീവൽക്കരണവും അവിടങ്ങളിലെ സാമ്പത്തികമാന്ദ്യവും സൗദി അറേബ്യയിലെ നിതാഖത് നിയമവും ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് കേരളീയർക്ക് തൊഴിലും ബിസിനസ്സും നഷ്ടമായി അവർ

തിരിച്ചുവരുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇതുകാരണം വിദേശനാണ്യ വരവിലുണ്ടാകുന്ന ഗണ്യമായ കുറവ് കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കനത്ത ആഘാതമുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പച്ചപ്പിന് വിദേശമലയാളികൾ പ്രത്യേകിച്ച് ഗൾഫിൽ ജോലി ചെയ്യുന്നവർ, വലിയ പങ്കാണ് വഹിക്കുന്നത്. തിരികെ എത്തുന്ന പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസപദ്ധതി തയ്യാറാക്കാക്കുന്നതിനുവേണ്ട പഠനം നടത്തി റിപ്പോർട്ട് നൽകാൻ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഇ.എൻ.ഡി.പി.-യുമായും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായും ചർച്ച നടത്തിയിട്ടുണ്ട്. അതിനോടൊപ്പം സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രവാസികളുടെ വരുമാന വർദ്ധനവും ശോഷണവും ചെലുത്തുന്ന സ്വാധീനം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. പ്രവാസിക്ഷേമത്തിനായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 28 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. കൂടാതെ പുനരധിവാസ പദ്ധതിക്കായി 12 കോടി രൂപ കൂടി അനുവദിക്കുമെന്നും ക്ഷേമനിധി ബോർഡിനായി വകയിരുത്തിയ ഒരു ലക്ഷം രൂപ 10 കോടി രൂപയായി ഉയർത്തുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വിദേശത്തുനിന്നും

തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവർക്കായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രവാസികൾക്കും അവർ ചേർന്ന് രൂപീകരിച്ച കമ്പനിയോ ട്രസ്റ്റോ സൊസൈറ്റിയോ പോലുള്ള സ്ഥാപനങ്ങൾക്കും സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് മൂലധന പലിശ സബ്സിഡി നൽകി 20 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. കാർഷിക വ്യവസായം, കച്ചവടം, സേവനങ്ങൾ, ഉത്പാദനം എന്നീ മേഖലകളിൽ ഈ പദ്ധതി മുഖാന്തിരം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. തിരികെ നാട്ടിലെത്തി ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സഹായം നൽകുന്ന സാന്ത്വനം പദ്ധതി നിലവിലുണ്ട്. പ്രവാസികളുടെ സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക, അവർക്ക് സംരക്ഷണം നൽകുന്നതിന് പ്രത്യേക സ്കീം ഉണ്ടാക്കുക, സാമ്പത്തിക സുരക്ഷ നൽകുന്ന പദ്ധതി രൂപീകരിക്കുക എന്നിവയെല്ലാം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമായിട്ടുതന്നെയാണ് ഇതിനെ കാണുന്നത്. ആവശ്യമായ എല്ലാ നടപടികളും ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കേരളാ ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് പറഞ്ഞു. സ്വദേശിവൽക്കരണം ഗൾഫിൽ മാത്രമല്ല നടക്കുന്നത്. അമേരിക്കയിലൊക്കെ ജോബ് ഔട്ട്സോഴ്സിംഗിന് നിയന്ത്രണം വരുന്നുണ്ട്. രാജ്യം നേരിടുന്ന ഏറ്റവും വലിയൊരു പ്രശ്നമാണിത്. കേരളത്തിലാണ് ഇതിന്റെ വലിയ stake എന്നുള്ള നിലയ്ക്ക് ഗവൺമെന്റ് ഒരു പ്രധാനപ്പെട്ട വിഷയമായി എടുത്ത് കേന്ദ്രഗവൺമെന്റിന്റെയും കൂടി സഹായം തേടി മേജർ നടപടികൾക്കായി ശ്രമിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, യഥാർത്ഥത്തിൽ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നേരത്തെ തന്നെ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അക്കാര്യത്തിൽ അനുകൂലമായ പ്രതികരണമല്ല കേന്ദ്രഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടുള്ളത്. തുടർന്നും അതിനുവേണ്ടിയുള്ള ശ്രമം നമുക്ക് നടത്താവുന്നതാണ്.